**അനുബന്ധം**

'പ്രത്യേക സാമ്പത്തിക മേഖല' സംബന്ധിച്ച് ശ്രീ. എം. സ്വരാജ്, എം.എൽ.എ.-യുടെ സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) മേശപ്പുറത്ത് വച്ച വിശദമായ മറുപടി

കേന്ദ്ര സർക്കാരിന്റെ 2005-ലെ സ്പെഷ്യൽ എക്കണോമിക് സോൺ ആക്ട് പ്രകാരം സംസ്ഥാനത്ത് 12 സ്പെഷ്യൽ എക്കണോമിക് സോൺ വിജ്ഞാപനം ചെയ്തിട്ടുള്ളതിൽ ഒന്നാണ് കൊച്ചിൻ സ്പെഷ്യൽ എക്കണോമിക് സോൺ. ഇത് ഒരു മൾട്ടി പ്രോസസ്സ് ഇൻഡസ്ട്രിയൽ പാർക്കാണ്. CSEZ-ൽ പ്രധാനമായും 8 തൊഴിൽ മേഖലകളാണുള്ളത്.

1. Electronic Hardware
2. Engineering
3. Gem & Jewellary
4. Plastic & Rubber
5. Food & Agro Industries
6. Training and service
7. Textile and Garments

8. Miscellaneous

ഈ മേഖലകളിലായി ആകെ 101 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. 9,540 പുരുഷ തൊഴിലാളികളും 4,968 സ്ത്രീ തൊഴിലാളികളുമുൾപ്പെടെ ആകെ 14,508 തൊഴിലാളികൾ ജോലി ചെയ്തുവരുന്നു. കേന്ദ്ര ഗവൺമെന്റ് നിയമിച്ചിട്ടുള്ള ഡെവലപ്മെന്റ് കമ്മീഷണറുടെ മേൽനോട്ടത്തിലാണ് CSEZ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. നിലവിൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിന്റെ 17.06.2003 തീയതിയിലെ സ.ഉ.നം.507/2003-ൽ പറയുന്ന സെസ് പോളിസി പ്രകാരം ടി മേഖലയിൽ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് എമർജൻസി സിറ്റുവേഷനിൽ മാത്രമേ പരിശോധനകൾ നടത്തുവാൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം ഡെവലപ്മെന്റ് കമ്മീഷണറുടെ മുൻകൂർ അനുമതി ലഭിച്ചാൽ മാത്രമേ ടി മേഖലയിൽ പ്രവേശിക്കുവാനും പരിശോധന നടത്തുവാനും കഴിയുകയുള്ളൂ.

മിനിമം വേതന നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിൽ മേഖലകളാണ് CSEZ-ൽ പ്രവർത്തിച്ചുവരുന്നത് എന്നതിനാൽ CSEZ-ന് മാത്രമായി പ്രത്യേകം മിനിമം വേതനം നിശ്ചയിക്കേണ്ടതില്ല. CSEZ-ൽ പ്രവർത്തിച്ചുവരുന്ന വിവിധ മേഖലകളിൽ മിനിമം വേതനം

നിശ്ചയിച്ചിട്ടുള്ളതാണ്. പ്ലാസ്റ്റിക് & റബ്ബർ മേഖലയിൽ പ്രവർത്തിക്കുന്ന 8 സ്ഥാപനങ്ങളിൽ മിനിമം വേതനം ലഭിക്കുന്നില്ല എന്ന് CSEZ Workers Association (CITU) പരാതി ലഭിച്ചതിനെത്തുടർന്ന് ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകണമെന്ന് എറണാകുളം എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർ ടി സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് കർശനമായി നടപ്പിലാക്കുന്നതുമാണ്. HLL എന്ന സ്ഥാപനം സെൻട്രൽ ഗവൺമെന്റിന്റെ കീഴിൽ വരുന്ന സ്ഥാപനമായതിനാൽ കേന്ദ്ര തൊഴിൽ വകുപ്പാണ് ടി സ്ഥാപനവുമായി ബന്ധപ്പെട്ട പരാതികളിൽ നടപടി സ്വീകരിക്കേണ്ടത്. ടി സ്ഥാപനത്തിൽ തൊഴിൽ ചൂഷണം നടത്തുന്നതായും മിനിമം വേതനം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നും കരാർ തൊഴിലാളികൾക്ക് പ്രതിദിനം 8 മണിക്കൂർ ജോലി ചെയ്താൽ 200 രൂപയിൽ താഴെയാണ് വേതനമായി ലഭിക്കുന്നതെന്നും ടി വിഷയം സംബന്ധിച്ച പരാതികൾ കേന്ദ്ര തൊഴിൽ വകുപ്പിന്റെ എറണാകുളം ഓഫീസിൽ നൽകിയിട്ടുള്ളതായി തൊഴിലാളികൾ അറിയിച്ചിട്ടുണ്ടെന്ന് എറണാകുളം എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2015 വർഷത്തിൽ CSEZ-ൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ

തൊഴിൽ വകുപ്പ് വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തുകയും തുടർനടപടികൾ സ്വീരിച്ചതിനെത്തുടർന്ന് അപാകതകൾ പരിഹരിക്കുകയുമുണ്ടായി.

CSEZ-ലെ ജനതാ മിഷൻസ് എന്ന സ്ഥാപനത്തിലെ 31 തൊഴിലാളികളെ പിരിച്ചുവിട്ടു എന്ന പരാതി ലഭിച്ചതിനെത്തുടർന്ന് എറണാകുളം ജനറൽ ജില്ലാ ലേബർ ഓഫീസർ ഇടപെട്ട് ചർച്ച നടത്തുകയും 30.10.2019 തീയതിയിൽ പ്രശ്നം ഒത്തുതീർപ്പാവുകയും ചെയ്തിട്ടുള്ളതാണ്. തൊഴിലുടമ തൊഴിലാളി പ്രതിനിധികൾ തമ്മിൽ ഉഭയകക്ഷി ചർച്ചകൾ നടത്തി നൽകേണ്ട വേതനം സംബന്ധിച്ച് ഒത്തുതീർപ്പിൽ എത്തിയാലും ആയത് സർക്കാർ നിശ്ചയിച്ച മിനിമം വേതനത്തിൽ കുറവാണെങ്കിൽ ടി എഗ്രിമെന്റ് നിയമപരമായി നിലനിൽക്കുന്നതല്ല. രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള കോൺട്രാക്റ്റ് ഉഭയകക്ഷി സമ്മത പ്രകാരം ഒപ്പുവച്ചാലും ആയത് നിലവിൽ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്കെതിരെ ആണെങ്കിൽ Indian Contract Act Sec.2(J) പ്രകാരം ആയത് അസാധുവാകുന്നതാണ്. സ്റ്റേറ്റ് സെസ് പോളിസി പുതുക്കുന്നതുമായി ബന്ധപ്പെട്ട്, സ്പെഷ്യൽ എക്കണോമിക് സോൺ, ഇൻഫോപാർക്ക്, കളമശ്ശേരി,

ആലുവ തുടങ്ങിയ വിവിധ ഇൻഡസ്ട്രിയൽ മേഖലകൾ പ്രവർത്തിച്ചുവരുന്ന മേഖലകൾക്ക് മാത്രമായി ജോയിന്റ് ലേബർ കമ്മീഷണർ ഗ്രേഡിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഡെവലപ്മെന്റ് കമ്മീഷണറുടെ ഭരണപരമായ മേൽനോട്ടത്തിലും നിയന്ത്രണത്തിൻ കീഴിലും തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥനായി അന്യത്ര സേവനത്തിൽ നിയമിക്കണമെന്ന ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്.